പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4039 03.02.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

**പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് ഏതെല്ലാം രോഗങ്ങൾക്കാണ് സൗജന്യ ചികിത്സ ലഭ്യമായിട്ടുള്ളത് ; | (എ) നേരത്തെ തന്നെ സർക്കാർ ആശുപത്രികളിൽ കുട്ടികൾ അടക്കമുള്ള എല്ലാ രോഗികൾക്കും എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ സൗജന്യമായിട്ടാണ് നൽകി വരുന്നത്. എന്നാൽ ആർ.ബി.എസ്.കെ, ആരോഗ്യ.കിരണം എന്നീ പുതിയ പദ്ധതികളുടെ കീഴിൽ ജനന വൈകല്യങ്ങൾ, ന്യൂനതകൾ, വികാസ കുറവ്, കുട്ടികളിൽ സാധാരണയായി കണ്ടു വരുന്ന രോഗങ്ങൾ എന്നീ നാല് ഘടകങ്ങൾ ഉൾപ്പെടെയുള്ള എല്ലാ രോഗങ്ങൾക്കും എൻറൈറ്റിൽമെന്റ് മാതൃകയിലുള്ള ചികിത്സാ സഹായം ഉറപ്പു വരുത്തുകയാണ്. അതായത് പ്രസ്തുത ആശുപത്രികൾക്ക് പുറത്തു നിന്നും എടുക്കേണ്ടി വരുന്നതും അതേ സമയം ആ ആശുപത്രികളിൽ ലഭ്യമല്ലാത്തതുമായ മരുന്നുകൾ, പരിശോധനകൾ എമർജൻസി റഫറൽ എന്നിവ എം-പാനൽ ചെയ്തിട്ടുള്ള സേവനങ്ങൾ കടകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ കൈയ്യിൽ കാശ് ചിലവില്ലാതെ (Nil out of pocket expense) ജനനം മുതൽ 18 വയസ്സു വരെയുള്ള രോഗികൾക്ക് ലഭിക്കുന്നു. ഇവയുടെ ചിലവുകൾ ആർ.ബി.എസ്.കെ, ആരോഗ്യ കിരണം പദ്ധതികളിൽ നിന്നും സേവനദാതാക്കൾക്ക് ആശുപത്രികൾ മുഖേന നൽകുന്നതാണ്. |
| (ബി) പ്രസ്തുത രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികളുടെ വിശദാംശങ്ങൾ നൽകുമോ ; | (ബി) കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയും അതിനു പുറമെ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി തിരുവനന്തപുരത്തും സൗജന്യ ചികിത്സ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (സി) | സൗജന്യ ചികിത്സ ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയും അതിനു പുറമെ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി തിരുവനന്തപുരത്തും സൗജന്യ ചികിത്സ ലഭ്യമാണ്. അതേ സമയം രോഗിക്ക് ആവശ്യമായതും പ്രസ്തുത ആശുപത്രിയിൽ ലഭ്യമല്ലാത്തതുമായ സേവനങ്ങൾ ആവശ്യമായി വരികയാണെങ്കിൽ അവ എം-പാനൽ ചെയ്തിട്ടുള്ള സേവന ദാതാക്കളിൽ നിന്നും ലഭിക്കാൻ രോഗികൾക്ക് നിർദ്ദേശം നൽകി വരുന്നു. ഈ സേവനങ്ങൾക്ക് ഉണ്ടാകുന്ന ചിലവ് രോഗിയിൽ നിന്നും ഒഴിവാക്കി സേവനദാതാവിന് ആർ.ബി.എസ്.കെ, ആരോഗ്യ കിരണം ഫണ്ട് ഉപയോഗിച്ച് ആശുപത്രി വഴി നൽകി വരുന്നു |
| (ഡി) | ആരോഗ്യ കിരണം പദ്ധതി എത്ര തവണ ഉദ്ഘാടനം ചെയ്യുകയുണ്ടായി ; ഓരോ ഘട്ടത്തിലും ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | ഒരു തവണ ; 'ആരോഗ്യ കിരണം' പദ്ധതി 29.09.2013 -ൽ ആണ് ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള പരസ്യത്തിനും മറ്റും ചിലവായ തുക 4,51,355/- രൂപ (നാല് ലക്ഷത്തി അൻപത്തൊന്നായിരത്തി മുന്നൂറ്റി അൻപത്തഞ്ച് രൂപ). |

സെക്ഷൻ ഓഫീസർ